# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 38** **23-01-2025 - ൽ മറുപടിയ്ക്ക്**

**ആരൂർ മണ്ഡലത്തിൽ കെ-ഫോൺ സൗജന്യ കണക്ഷനുകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീമതി ദെലീമ</th><th colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</th></tr>
<tr><td>(എ)</td><td>അരൂർ മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി മുഖേന സൗജന്യ കണക്ഷനുകൾ ലഭിച്ച എത്ര ഗുണഭോക്താക്കൾ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;</td><td>(എ)</td><td>അരൂർ മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി മുഖേന 43 സൗജന്യ കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു:-
<table>
<tr><th>പഞ്ചായത്ത്</th><th>എണ്ണം</th></tr>
<tr><td>പാണാവള്ളി</td><td>7</td></tr>
<tr><td>തുറവൂർ</td><td>7</td></tr>
<tr><td>കുത്തിയതോട്</td><td>9</td></tr>
<tr><td>അരൂർ</td><td>9</td></tr>
<tr><td>അരൂക്കുറ്റി</td><td>2</td></tr>
<tr><td>എഴുപുന്ന</td><td>4</td></tr>
<tr><td>ചേന്നം പള്ളിപ്പുറം</td><td>5</td></tr>
</table></td></tr>
<tr><td>(ബി)</td><td>സൗജന്യ കണക്ഷൻ ലഭിച്ച ഗുണഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിന് വേണ്ടി അരൂർ മണ്ഡലത്തിൽ നിയോഗിച്ച ഉദ്യോഗസ്ഥന്റെ പേര്, ഫോൺ നമ്പർ എന്നിവ വ്യക്തമാക്കാമോ;</td><td>(ബി)</td><td>പരാതി പരിഹരിക്കുന്നതിന് വേണ്ടി നിയോജകമണ്ഡല അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടില്ല. സൗജന്യ കണക്ഷൻ ലഭിച്ച ഗുണഭോക്താക്കൾക്ക് കെ-ഫോൺ കസ്റ്റമർ കെയറിൽ, 18005 704466 എന്ന നമ്പറിൽ വിളിച്ച് നേരിട്ട് പരാതി നൽകാവുന്നതാണ്.</td></tr>
<tr><td>(സി)</td><td>കെ-ഫോൺ സംബന്ധിച്ച് അരൂർ മണ്ഡലത്തിൽ നിലവിൽ എത്ര പരാതികൾ ഉണ്ടെന്നും ആയവ പരിഹരിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികളും വിശദമാക്കാമോ?</td><td>(സി)</td><td>നിലവിൽ ഒരു പരാതിയാണ് ലഭിച്ചിട്ടുള്ളത്. സാങ്കേതിക തകരാറാണ് പരാതിക്ക് ഇടയാക്കിയത്. പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ